# പോലീസ് വകുപ്പ്
# കേരളം

**No.H1-29641/2022/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി.03-12-2022

**DO No. 746/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി -ശ്രീ വിഷ്ണു, ഐ. എസ്, ക്ലർക്ക് (PEN 161104) എന്നയാൾക്കെതിരെയുള്ള ഔപചാരിക അന്വേഷണം (H1/PR-08/2022 DR)-പി ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് :-

സൂചന : 1.13.05.13 തിയ്യതിയിലെ ബഹു സംസ്ഥാന പോലീസ് മേധാവിയുടെ M3/41721/13 PHQ നമ്പർ ഉത്തരവ്
2.01.06.2017 തിയ്യതിയിലെ ബഹു സംസ്ഥാന പോലീസ് മേധാവിയുടെ M3(a)/87676/2017 PHQ നമ്പർ ഉത്തരവ്
3. 05.11.2020 തിയ്യതിയിലെ സ.ഉ .(പി). 152/2020 ധന നമ്പർ സർക്കാർ ഉത്തരവ്
4.30.12.2020 തിയ്യതിയിലെ 83/2020 ധന നമ്പർ സർക്കുലർ
5. ഈ ഓഫീസിലെ 02.08.2022 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
6.07.10.2022 തിയ്യതി മാനേജർ സമർപ്പിച്ച പി ആർ മിനുറ്റ്സ്
7. 13.10.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

ശ്രീ വിഷ്ണു, ഐ. എസ് ,ക്ലർക്ക് (PEN 161104)എന്നയാൾ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ ക്ലർക്കായി (സൂപ്പർ ന്യൂമറി) ജോലി ചെയ്തു വരവേ "**Better Employment with in the country**" ജോലിചെയ്യുവാൻ വേണ്ടി 13-05-13 തിയ്യതിയിലെ ബഹു സംസ്ഥാന പോലീസ് മേധാവിയുടെ No.M3/41721/13PHQ നമ്പർ ഉത്തരവ് പ്രകാരം 4 വർഷത്തേക്ക് അവധി അനുവദിച്ച് കൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാന് 31-05-2013 AN മുതൽ 31-05-17 വരെ ഈ യൂണിറ്റിൽ നിന്നും അവധി അനുവദിക്കുകയുണ്ടായി. പിന്നീട് അവധി 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ ടിയാൻ അപേക്ഷിച്ചതിൻറെ അടിസ്ഥാനത്തിൽ 01-06-17 തിയ്യതിയിലെ ബഹു സംസ്ഥാന പോലീസ് മേധാവിയുടെ M3(a)-87676/2017/PHQ നമ്പർ ഉത്തരവ് പ്രകാരം **31-05-2017 തിയ്യതി മുതൽ 30-05-22 തിയ്യതി വരെ** അവധി ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു . 30.05.2022 തിയ്യതി അവധിയുടെ കാലാവധി കഴിഞ്ഞതിനാൽ **31-05-22** തിയ്യതി ജോലിക്ക് ഹാജരാകുവാൻ നിർദ്ദേശിച്ച് കൊണ്ട് ഈ ഓഫീസിൽ നിന്നും രേഖാമൂലം അറിയിച്ചെങ്കിലും യഥാസമയം തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുക വഴി ഗുരുതരമായ അച്ചടക്ക ലംഘനം കാണിച്ചതിന് വായന 4, 5 സർക്കാർ ഉത്തരവുകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി വായന 5 ലെ ഉത്തരവ് പ്രകാരം ടിയാനെതിരെ ഒരു ഔപചാരിക അന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിലെ മാനേജരെ ചുമതലപ്പെടുത്തുകയുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ വിശദമായി പരിശോധിച്ചു. കുറ്റാരോപണമെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം ഔപചാരിക അന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ടിയാൻ അവധി കഴിഞ്ഞു തിരികെ ജോലിയിൽ ഹാജരാവേണ്ടിയിരുന്ന 31.05.2022 തിയ്യതി മുതൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും വായന 7 പ്രകാരം ടിയാന് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് നാളിതുവരെയും ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ എന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് **ശ്രീ വിഷ്ണു, ഐ എസ്, ക്ലർക്ക്** എന്നയാളെ **31.05.2022** തിയ്യതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹു കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

01-12-2022

കറുപ്പസാമി.ആർ. ഐ.പി.എസ്,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ വിഷ്ണു ഐ എസ് ,ഇന്ദീവരം (വീട്),പന്തലായനി,കൊയിലാണ്ടി (പി ഒ),673305:കൊയിലാണ്ടി SHO മുഖാന്തിരം

പകർപ്പ് : SHO കൊയിലാണ്ടി :നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും

ബഹു സംസ്ഥാന പോലീസ് മേധാവി(ആവരണക്കത്ത് സഹിതം)അറിവിലേക്കായി

അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി

എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ്6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി

ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ

Internal Administrative Processing System
iAPS
KERALA POLICE